"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. മിഥുൻ മോഹൻ എം.ആർ. (പെൻ G86503)- ന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.359/2026/LSGD തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. ശ്രീ. മിഥുൻ മോഹൻ എം.ആർ. സമർപ്പിച്ച 23/12/2025 തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/01/2026 തീയതിയിലെ LSGD/PD/779/2026-DEA2 നമ്പർ കത്ത്.
3. ശ്രീ. മിഥുൻ മോഹൻ എം.ആർ. സമർപ്പിച്ച 10.02.2026 തീയതിയിലെ സാക്ഷ്യപത്രം.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. മിഥുൻ മോഹൻ എം.ആർ., ടിയാന് തിരുവനന്തപുരം ANUDEEP അക്കാദമിയിൽ UPSC Mentorship Batch 2026 കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി 19.01.2026 മുതൽ 31.10.2028 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച പരാമർശം (1) അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തു സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിൽ തുടർച്ചയായ 3 വർഷത്തെ സേവനത്തിന്റെ അഭാവത്തിൽ ശ്രീ. മിഥുൻ മോഹൻ എം.ആർ. (പെൻ G86503) -ന്, പരാമർശം (3) പ്രകാരം ടിയാൻ അവധിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ, ടി ഉത്തരവ് തീയതിക്കു ശേഷം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 31/10/2028 വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശുന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി,

പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാന്റെ സേവനകാര്യത്തിൽ KSR ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മിഥുൻ മോഹൻ എം.ആർ.(പെൻ G86503), സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ. *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/16/2026/തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
Signed by Riju M Das
Date: 11-02-2026 10:16:27
സെക്ഷൻ ഓഫീസർ